LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധന-ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ

140 (1881) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇതുവരെയായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പു മുഖേന എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇതുവരെയായി എത്ര തീരദേശ റോഡുകൾ അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടത്തിയിട്ടുള്ള വികസന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1.	നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടക്കീൽ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം നിർമ്മിക്കുന്നതിനായി 65 ലക്ഷം രൂപയുടെ ഭരണാനുമതി 17-2-2010-ൽ നൽകുകയും ആയത് 12-10-2012-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
2.	നബാർഡ് RIDF-XIX-ൽ ഉൾപ്പെടുത്തി രാമപുരം-വയലപ്ര, പരപ്പ്-ചെമ്പല്ലിക്കുന്ന് റോഡിന്റെ നിർമ്മാണത്തിനായി 245 ലക്ഷം രൂപയുടെ ഭരണാനുമതി 13-9-2013-ൽ നൽകുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
3.	പുതിയങ്ങാടിയിൽ ഒരു മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 65 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 26-10-2013-ൽ നൽകിയതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും CWPRS മുഖേനയുള്ള മാതൃകാപഠനവും പുരോഗമിച്ചുവരുന്നു.
4.	ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലുൾപ്പെടുത്തി 10 റോഡുകൾക്ക് 379.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി റോഡുകളും അവയുടെ ഇപ്പോഴത്തെ അവസ്ഥയും ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നമ്പർ -	റോഡിന്റെ പേര്	ഭരണാനുമതി തുക	ഇപ്പോഴത്തെ അവസ്ഥ
1	അരിയിൽ ധർമ്മക്കിണർ മുള്ളൽ റോഡ്	49 ലക്ഷം	പൂർത്തീകരിച്ചു
2	കോട്ടക്കീൽകടവ് ഫിഷ് ലാന്റ് റോഡ്	54 ലക്ഷം	പൂർത്തീകരിച്ചു
3	ഇരിണാവ് - മടക്കര റോഡിനും മുത്തപ്പൻ ക്ഷേത്രം മുതൽ ഇരിണാവ് ഡാം വരെയുള്ള 200 മീറ്റർ റോഡ്	3 ലക്ഷം	പൂർത്തീകരിച്ചു
4	കുന്നനങ്ങാട് റെയിലിൻ ചാൽ റോഡ്	55 ലക്ഷം	പൂർത്തീകരിച്ചു
5	വെള്ളറങ്ങൽ കൊട്ടോളത്ത് റോഡ്	35 ലക്ഷം	പൂർത്തീകരിച്ചു
6	ഹാജി റോഡ് ബീച്ച് റോഡ്	11 ലക്ഷം	പുരോഗമിച്ചുവരുന്നു
7	എടക്കൊപ്പുറം ദേശീയ യുവജനസംഘം വായനശാല ഗ്രാമീണ വായനശാല - അയ്യോത്ത് റോഡ്	67 ലക്ഷം	കരാറിൽ ഏർപ്പെട്ടു
8	പത്താംതോട് മൂസാ ഹാജിതോട് റോഡ്	30.20 ലക്ഷം	പ്രവൃത്തി ആരംഭിച്ചു
9	പട്ടുവം ഗ്രാമപഞ്ചായത്തിലെ പരന്തൂർ റോഡ്	50 ലക്ഷം	കരാറിൽ ഏർപ്പെട്ടു
10	വെടിവെപ്പിൻ ചാലിൽ - അരുംഭാഗം കുറുവാട് റോഡ്	25 ലക്ഷം	പ്രവൃത്തി ആരംഭിച്ചു